# ഇസ്‌ലാമിന്റെ മൂലപാഠങ്ങൾ

ഡോ: മുഹമ്മദ് ഹുസൈനി ബെഹശ്ത്തി

വിവ: ഡോ. ശ്രീകുമാർ

ഇസ്‌ലാമിക് ഫൗണ്ടേഷൻ പ്രസ്

## മുൻ കുറിപ്പ്

ഇറാനിൽ ഇസ്‌ലാമിക വിപ്ളവത്തിന്റെ വിജയത്തെത്തുടർന്നുണ്ടായ ഭരണവ്യവസ്ഥയിൽ സുപ്രീ കോടതി ചീഫ് ജസ്റ്റീസായി നിയമിക്കപ്പെട്ട പ്രസിദ്ധ പണ്ഡിതനാണ് ആയത്തുല്ലാ ഡോ. മുഹമ്മദ് ഹുസൈനി ബെഹശ്ത്തി. വിപ്ളവത്തിൽ പരാജിതരാക്കപ്പെട്ട സാമ്രാജ്യത്വ ഏജന്റുകളുടെ കൈയാൽ അദ്ദേഹം പിന്നീട് വധിക്കപ്പെടുകയാണുണ്ടായത്.

1928 ഒക്ടോബർ 24ന് ഇസ്ഫഹാനിലെ മതപാരമ്പര്യമുള്ള ഒരു കുടുംബത്തിലായിരുന്നു ബെഹശ്ത്തിയുടെ ജനനം. ഇസ്ഫഹാനിലെ 'സഅദി ദൈവശാസ്ത്ര സ്ക്കൂളിലും ഖുമ്മിലെ മത വിജ്ഞാനകേന്ദ്രത്തിലും ടെഹ്റാൻ യൂണിവേഴ്സിറ്റിയിലുമാണ് അദ്ദേഹം വിദ്യാഭ്യാസം നിർവഹിച്ചത്. അറബിക്കിനും മാതൃഭാഷയായ പേർഷ്യനും പുറമെ ബെഹശ്ത്തിക്ക് ഇംഗ്ലീഷ്, ഫ്രഞ്ച്, ജർമൻ ഭാഷകളും വശമുണ്ടായിരുന്നു.

ഡോ. ബെഹശ്ത്തി ഹാംബർഗ് ഇസ്‌ലാമിക് സെന്ററിൽ ചെയ്ത ഒരു പ്രസംഗത്തിന്റെ വിവർത്തനമാണ് ഈ ലഘു കൃതി. ഇസ്‌ലാമിന്റെ മൂലപാഠങ്ങൾ മൊത്തത്തിൽ വിവരിച്ചിരിക്കുകയാണിതിൽ. വിശദമായ പഠനവും ആഴത്തിലുള്ള സമർത്ഥനവും ഇത്തരമൊരു കൈപ്പുസ്തകത്തിൽ അസാധ്യമാണ്. എങ്കിലും ഇസ്‌ലാമിനെക്കുറിച്ച് ഒരേകദേശ ധാരണയുണ്ടാക്കാൻ ഇത് സഹായകമാകും.

ഇസ്‌ലാമിക് ഫൗണ്ടേഷൻ പ്രസ്

അരീക്കോട്

ആഗസ്ത് 24, 1996

## ഏക ദൈവം

ഇസ്‌ലാമിന്റെ മൂലശില ഏകദൈവസിദ്ധാന്തമാണ്. സാങ്കേതികമായി ഇതിന് 'തൗഹീദ്' എന്നു പറയും. ദൈവം ഒന്നു മാത്രമേയുള്ളുവെന്ന വിശ്വാസവും പ്രപഞ്ചത്തിലാകമാനം നില നിൽക്കുന്ന ദൈവിക പ്രഭാവവുമാണ് തൗഹീദ് കൊണ്ട് അർത്ഥമാക്കുന്നത്. പ്രപഞ്ചത്തെയും അതിലെ ചരാചരങ്ങളെയും ദൈവം സൃഷ്ടിച്ചതാണ്. പ്രാർത്ഥന സ്രഷ്ടാവായ ദൈവത്തിലേയ്ക്കു തിരിഞ്ഞുകൊണ്ടുള്ളതും അവന്റെ മഹത്വത്തെ പ്രഖ്യാപനം ചെയ്യുന്നതുമായിരിക്കണം. വിഗ്രഹങ്ങളെയോ മറ്റോ ആരാധിക്കുകയോ പ്രാർത്ഥിക്കുകയോ ചെയ്തുകൂടാത്തതാണ്.

സാക്ഷാൽ ദൈവമൊഴികെ ദൈവമില്ല (ലാഇലാഹഇല്ലല്ലാഹ്) എന്നതാണ് പ്രഥമ വിശ്വാസം. ഈ വിശ്വാസത്തിന്റെ പ്രഖ്യാപനമാണ് ഇസ്‌ലാമിലേയ്ക്കുള്ള ആദ്യ ചുവടുവയ്പ്. ഇത് നാവുകൊണ്ടുള്ള പ്രഖ്യാപനത്തിൽ കവിഞ്ഞ ഒന്നാണ്. പ്രപഞ്ചത്തിന്റെ സ്രഷ്ടാവല്ലാതെ ആരാധിക്കപ്പെടാൻ അർഹതയുള്ള മറ്റാരുമില്ല എന്ന് തന്റെ നാവും ഹൃദയവും തന്നിലെ ആന്തരിക പ്രകാശവും സാക്ഷ്യം വഹിക്കുന്നുവെന്ന് വ്യക്തമാക്കുകയാണ് പ്രസ്തുത പ്രഖ്യാപനം വഴി ഒരാൾ ചെയ്യുന്നത്. അതാണ 'അശഹദു അൻലാഇലാഹ ഇല്ലല്ലാഹ' എന്നതിന്റെ താലര്യം.

എല്ലാ ഇസ്‌ലാമിക അധ്യാപനങ്ങളുടെയും ഉറവിടം ഇവിടെയാണ്. ഏകദൈവത്തിലുള്ള വിശ്വാസമാണ് മോക്ഷത്തിലേയ്ക്കുള്ള മാർഗ്ഗമെന്ന് ഇസ്‌ലാം പ്രഖ്യാപിക്കുന്നു. ''അല്ലാഹു അല്ലാതെ ദൈവമില്ല എന്നു പറയുക. അങ്ങനെ നിങ്ങൾ മോക്ഷം പ്രാപിക്കും'' എന്ന ഒരു നബിമോഴിയുണ്ട്. പ്രപഞ്ചത്തിന്റെ സ്രഷ്ടാവല്ലാതെ ആരാധിക്കപ്പെടാൻ അർഹതയുള്ള യാതൊരസ്തിത്വവുമില്ലെന്ന് ഹൃദയപൂർവ്വം വിശ്വസിക്കുകയും ആത്മാർത്ഥതയോടുകൂടി പ്രഖ്യാപിക്കുകയും ചെയ്ത് പ്രവർത്തനമാരംഭിച്ചാൽ അത് നിങ്ങളുടെ മോക്ഷത്തിലേക്കുള്ള വഴിയായിത്തീരുമെന്നത്രെ ഈ മൊഴിയുടെ അർത്ഥം.

## ശരിയായ ദൈവജ്ഞാനം

ശരിയായ ദൈവജ്ഞാനത്തിനാണ് ഇസ്‌ലാം മറ്റെന്തിനേക്കാളും പ്രാധാന്യം കൊടുക്കുന്നത്. ഈ വിഷയത്തിൽ യാതൊരു വിധ പിഴവും വ്യതിയാനവും സംഭവിച്ചുകൂടാത്തതാണ്. ഇസ്‌ലാം പ്രമുഖമായി നിലകൊള്ളുന്നതും ഇവിടെയാണ്. അതുകൊണ്ട് ഇതു സംബന്ധിച്ച പരിജ്ഞാനം ഇസ്‌ലാമിനെക്കുറിച്ച് തുടർന്നുള്ള മനസ്സിലാക്കലിന് അനിവാര്യമാണ്.

## അദൃശ്യനായ ദൈവം

ഇസ്‌ലാം പഠിപ്പിക്കുന്ന ദൈവം ഇന്ദ്രിയങ്ങൾക്ക് അഗോചരനാണ്. അവൻ അദൃശ്യനും അസ്പൃശ്യനുമാണ്. ഖുർആൻ പറയുന്നു: ''കണ്ണുകൾ അവനെ കാണുകയില്ല. അവൻ കണ്ണുകളെ കാണും. അവൻ ധാരണകൾക്കതീതനും സൂക്ഷ്മജ്ഞനുമാകുന്നു.''(6:103).

വർണ്ണങ്ങൾക്കും രൂപങ്ങൾക്കും അപ്പുറമെത്താത്തതാണ് നമ്മുടെ ദൃഷ്ടികൾ. ദൈവം വർണ്ണമോ രൂപമോ അല്ല. അവന്റെ മഹത്വം ദൃഷ്ടികളിലോ മറ്റിന്ദ്രിയങ്ങളിലോ ഒതുങ്ങുന്നതല്ല.

## ദൈവം നിസ്തുല്യൻ

നമുക്കറിയുന്ന വസ്തുക്കളുടെയെല്ലാം ഒരു ചിത്രം നമ്മുടെ മനസ്സിലുണ്ടായിരിക്കും. പൂക്കൾ, പഴങ്ങൾ, പർവ്വതങ്ങൾ, താഴ്‌വരകൾ, സൂര്യൻ, ചന്ദ്രൻ, നക്ഷത്രങ്ങൾ, മനുഷ്യർ എന്നിവയുടെയെല്ലാം ചിത്രങ്ങൾ നമ്മുടെ മനസ്സിലുള്ളതുപോലെ. എന്നാൽ ദൈവത്തിന്റെ കാര്യമോ? ദൈവത്തിന് നമുക്കൊരു പ്രതിരൂപം സങ്കല്പിക്കാനാകുമോ? ഒരിക്കലും ആവില്ല. കാരണം, നമ്മുടെ സങ്കല്പങ്ങൾ നമ്മുടെ അനുഭവങ്ങളുടെ ഫലങ്ങളാണ്. അതല്ലെങ്കിൽ നമ്മുടെ അസ്വസ്ഥമായ മനസ്സിന്റെ അന്വേഷണങ്ങളോ അപഗ്രഥനങ്ങളോ രൂപം നൽകുന്നതാണ്. ഇന്ദ്രിയങ്ങളിലൂടെ നാം അറിഞ്ഞ വസ്തുക്കളിലായിരിക്കും അതിന്റെയെല്ലാം ഉറവിടം. ഇവ്വിഷയകമായി വന്ന ഒരു ഖുർആൻവാക്യം ഇപ്രകാരമാണ്: ''ആകാശഭൂമികളുടെ നിർമ്മാതാവ്. അവൻ നിങ്ങൾക്കു നിങ്ങളിൽ നിന്നുതന്നെ ഇണകളെ സൃഷ്ടിച്ചു. കാലികളിലും അവൻ ഇണകളെ സൃഷ്ടിച്ചു. ഈ രീതിയിൽ അവൻ നിങ്ങളെ വർദ്ധിപ്പിക്കുന്നു. അവനെപ്പോലെ യാതൊരു വസ്തുവുമില്ല. അവൻ എല്ലാം കേൾക്കുന്നവനാണ്. എല്ലാം കാണുന്നവനുമാണ്.'' (42:11)

ദൈവത്തെ ഒരു ചിത്രത്തിലോ വിഗ്രഹത്തിലോ പ്രതിഫലിപ്പിച്ചു കാണിക്കാനാവില്ല. നമ്മുടെ ഭാവനയ്ക്കും രൂപകല്പനയ്ക്കും അവൻ അതീതനാണ്. ഇതാണ് മേൽകൊടുത്ത വാക്യത്തിൽ നിന്നു സിദ്ധിക്കുന്ന ഒരു പൊരുൾ.

## ദൈവം സർവ്വജ്ഞൻ, സർവ്വശക്തൻ

ദൈവത്തിന്റെ പരമമായ ഗുണവിശേഷങ്ങൾ ഖുർആൻ പല സ്ഥലങ്ങളിൽ വർണ്ണിച്ചിരിക്കുന്നതിപ്രകാരമാണ്: അവൻ സ്രഷ്ടാവാണ്; സർവ്വജ്ഞനാണ്; എല്ലാം കേൾക്കുന്നവനാണ്; എല്ലാം കാണുന്നവനാണ്; മാർഗ്ഗദർശകനാണ്; സഹായിക്കുന്നവനാണ്; പൊറുക്കുന്നവനാണ്; ക്ഷമിക്കുന്നവനാണ്; സ്നേഹവാനാണ്; പൊറുക്കുന്നവനാണ്; ക്ഷമിക്കുന്നവനാണ്; സ്നേഹവാനാണ്; സദാ മാപ്പരുളുന്നവനാണ്; സ്വാശ്രയനാണ്; നമ്മുടെ പരമരഹസ്യങ്ങളും മനോഗതങ്ങളും അറിയുന്നവ

നാണ്; അടിമകളുടെ പ്രാർത്ഥന കേൾക്കുന്നവനാണ്; എല്ലാവർക്കും നൽകേണ്ടത് നൽകുന്നവനാണ്; നമ്മോട് ഏറ്റവും അടുത്തവനും കരുണ കാട്ടുന്നവനുമാണ്.

## ദൈവത്തിന്റെ വിശുദ്ധിയും സ്തുത്യർഹതയും

മനുഷ്യന്റെ മനസ്സിലുദയം കൊള്ളുന്ന ആശയങ്ങളത്രയും ആപേക്ഷികങ്ങളാണ്. ഏതെങ്കിലും വസ്തുക്കളോടു ബന്ധപ്പെടുത്തിക്കൊണ്ടു മാത്രമേ അവന് കാര്യങ്ങൾ കാണാൻ കഴിയുകയുള്ളൂ. ദൈവത്തിന്റെ ഗുണങ്ങൾപോലും ഈ രൂപത്തിലാണ് അവൻ കാണുക. അതിനാൽ അവന് പിഴവു പറ്റാനിടയുണ്ട്. ഇതൊഴിവാക്കാനും മനുഷ്യചിന്ത അതിന്റെ അപര്യാപ്തത ഹേതുവായി ദൈവത്തിൽ ആരോപിച്ചേയ്ക്കാവുന്ന അപൂർണ്ണതകളിൽ നിന്ന് ദൈവത്തിന്റെ മഹത്വത്തെ വാഴ്ത്തിക്കാണിക്കാനുമായി ഖുർആൻ പല വാക്യങ്ങളിലൂടെ ശ്രമിച്ചിട്ടുണ്ട്.

## ദൈവത്തിന് മക്കളോ?

ദൈവത്തിന് സന്തതികളുണ്ടെന്ന ചിന്താഗതി മേല്പറഞ്ഞ തരത്തിലുള്ള ഒരു പിഴവാണ്. യേശു ദൈവപുത്രനാണെന്നു വിശ്വസിക്കുന്നവരുണ്ട്; മാലാഖമാർ ദൈവപുത്രിമാരാണെന്നു വിശ്വസിക്കുന്നവരുണ്ടായിട്ടുണ്ട്. ഇത് സംബന്ധിച്ച് ഖുർആനിൽ ഇങ്ങനെ കാണാം:

''അവർ അല്ലാഹുവിന് ജിന്നുകളെ പങ്കാളികളായി കല്പിച്ചിരിക്കുന്നു. ജിന്നുകളെ അവൻ സൃഷ്ടിച്ചതാണ്. അവർ അറിവില്ലാതെ അവന് പുത്രന്മാരെയും പുത്രിമാരെയും കല്പിച്ചിരിക്കുന്നു. അവൻ പരിശുദ്ധനും അവർ ജല്പിക്കുന്നതിനെല്ലാം അതീതനുമാണ്. ആകാശഭൂമികളുടെ സ്രഷ്ടാവാണവൻ. അവനെങ്ങനെ ഒരു സന്തതിയുണ്ടാകും, ഭാര്യതന്നെ ഇല്ലാതിരിക്കെ? അവൻ എല്ലാറ്റിനേയും സൃഷ്ടിച്ചു. എല്ലാറ്റിനെക്കുറിച്ചും അവന് നന്നായറിയാം. അവനാണ് അല്ലാഹു. നിങ്ങളുടെ നാഥൻ. അവനല്ലാതെ ദൈവമില്ല. സകല വസ്തുക്കളുടെയും സ്രഷ്ടാവ്. അതുകൊണ്ട് അവന് വഴിപ്പെടുവിൻ. എല്ലാ കാര്യവും ഏല്പിക്കേണ്ടത് അവനിലാണ്.'' (6:100-103). ''അല്ലാഹു ഒരു പുത്രനെ കൈകൊണ്ടിരിക്കുന്നുവെന്ന് അവർ പറയുന്നു. അവൻ എത്ര പരുശുദ്ധൻ! ആകാശഭൂമികളിലുള്ളതിന്റെയെല്ലാം ഉടമസ്ഥനാണവൻ. എല്ലാം അവന് കീഴ്പ്പെട്ടുകൊണ്ടാണുള്ളത്.'' (2:116).

മാലാഖമാരെയോ പ്രവാചകരെയോ ദൈവസന്തതികളായെണ്ണുന്നതിനെതിരെ ഖുർആൻ താക്കീത് നൽകുന്നു. അവരെല്ലാം അവന്റെ ദാസരാണ്. അവർക്ക് ബഹുമതി കൂടുമെന്നത് ശരിയാണ്. എന്നാൽ ഒരു തരത്തിലും അവരെ ദൈവത്തിന്റെ സന്തതികളായി ഗണിച്ചുകൂട. ആദം, നൂഹ്, ഇബ്രാഹിം, ലൂത്ത്, ഹൂദ്, സാലിഹ്, ഇസ്മായീൽ, ഇസ്ഹാക്ക്, യാഖൂബ്, ശുഐബ്, മൂസാ, യൂശഅ്, ഇദ്രീസ്, യൂനുസ്, ഈസാ, മുഹമ്മദ് എന്നീ പ്രവാചകൻമാരെല്ലാം മനുഷ്യരായിരുന്നു. ദൈവം മറ്റുള്ളവരെ സൃഷ്ടിച്ചതുപോലെ അവരെയും സൃഷ്ടിച്ചു. യേശു ദൈവപുത്രനാണെന്നു വാദിക്കുന്നവർ, നാം നമ്മുടെ കുട്ടികൾക്ക് പിതാക്കളായിരിക്കുന്നതുപോലെ ദൈവം യേശുവിന് പിതാവാകുന്നുവെന്നാണല്ലോ അർത്ഥമാക്കുന്നത്. ദൈവത്തെ സംബന്ധിച്ചിടത്തോളം ഈ വീക്ഷണം വികലമാണ്. ഇത്തരം അപക്വസങ്കൽപ്പങ്ങൾക്കെല്ലാം അതീതനാണ് ദൈവം. ഇതല്ലാത്ത വല്ലതുമാണ് ദൈവപുത്രൻ എന്നതുകൊണ്ട് അവർ അർത്ഥമാക്കുന്നതെങ്കിൽ തങ്ങളുദ്ദേശിക്കുന്ന ആശയം പ്രകടിപ്പിക്കുവാൻ തികച്ചും വ്യത്യസ്തമായ ഒരു വാക്കാണ് അവർ പ്രയോഗിക്കേണ്ടത്, ദൈവപുത്രൻ എന്ന തെറ്റിദ്ധരിപ്പിക്കുന്ന വാക്കല്ല.

## ദൈവത്തിൽ മനുഷ്യരൂപം ആരോപിക്കൽ

''ദൈവപുത്രൻ'' പോലെയുള്ള പരാമർശങ്ങൾ അപകടം ഉൾക്കൊള്ളുന്നു. അതുല്യനായ ഏക ദൈവം മേഘങ്ങൾക്കുപിന്നിൽ മറഞ്ഞിരിക്കുന്ന ഒരു ഭീമാകാരമായ മനുഷ്യരൂപമായിട്ടാണ് ഇത്തരം വികല്പങ്ങളിലൂടെ മനുഷ്യമനസ്സിൽ രൂപം കൊള്ളുന്നത്. ദൈവത്തെ മനുഷ്യരൂപത്തിൽ അവതരിപ്പിക്കുന്ന ഈ രീതി ശരിയായ ദൈവജ്ഞാനത്തിന് മറയായിമാറുന്നു. മനുഷ്യചിന്തയെ വഴിതെറ്റിക്കുന്ന രീതിയാണിത്. അടിസ്ഥാനരഹിതങ്ങളും ഭാവനാകല്പിതങ്ങളുമായ വിശ്വാസങ്ങളും അവയ്ക്കെതിരിൽ യുക്തിവാദികളും അജ്ഞേയവാദികളും ഉന്നയിക്കുന്ന വിയോജിപ്പുകളും ദൈവത്തിന് മാനുഷിക പരിവേഷം നൽകിയത് മൂലം ഉണ്ടായതാണ്. വിശ്വാസികൾ സ്വന്തം ഭാവനയിൽ എന്തോ ഒന്നിനെ സങ്കല്പിക്കുകയും അതിനെ ദൈവം എന്നു വിളിച്ച് അതിന്റെ പ്രതിരൂപത്തെ ആരാധിക്കുകയും ചെയ്യുന്നു. നിഷേധികൾ മിഥ്യയെന്നു കണ്ട് അതിനെ തള്ളിക്കളയുകയും അതിൽ വിശ്വസിക്കാൻ വിസമ്മതിക്കുകയും ചെയ്യുന്നു. ഇരുകൂട്ടരും വഴികേടിലാണുള്ളത്. ഇസ്‌ലാം ഏകദൈവത്തിൽ വിശ്വസിക്കാനും അവനെ ആരാധിക്കാനുമാണ് മനുഷ്യനെ വിളിക്കുന്നത്. മേൽപ്പറഞ്ഞ മിഥ്യാസങ്കല്പങ്ങൾക്കെല്ലാം ഉപരിയാണ് ആ ദൈവം. മനുഷ്യഭാവനക്ക് അതീതനും താരതമ്യം ചെയ്യാൻ സാധിക്കാത്തവനുമാണ് ദൈവമെന്ന പാഠം ഇസ്‌ലാമിൽ പ്രാഥമികമാണ്.

## ദൈവവും മനുഷ്യനും പ്രപഞ്ചവും

നാം നമ്മെയും പ്രപഞ്ചത്തെയും ശരിയായ വിധത്തിൽ മനസ്സിലാക്കുന്നതിനനുസരിച്ചാണ് നമുക്ക് ശരിയായ ദൈവജ്ഞാനം കൈവരികയെന്ന് ഇസ്‌ലാം സിദ്ധാന്തിക്കുന്നു. നാം എത്രത്തോളം മനുഷ്യപ്രകൃതിയെക്കുറിച്ചും ഉൺമയെക്കുറിച്ചുമുള്ള അറിവ് ഉൾക്കൊള്ളുന്നുവോ അത്രത്തോളം ദൈവത്തെക്കുറിച്ചുള്ള നമ്മുടെ അറിവ് സത്യമായിരിക്കുകയും പരിപൂർണ്ണമായിക്കൊണ്ടിരിക്കുകയും ചെയ്യും. ''തന്നെ അറിഞ്ഞവൻ തന്റെ നാഥനെ അറിഞ്ഞു''വെന്നാണ് പ്രമാണം.

അവനവനെക്കുറിച്ചുള്ള അറിവ് പോലെത്തന്നെ പൊതുവെ സൃഷ്ടിയെക്കുറിച്ചുള്ള എല്ലാ അറിവും ഇതേ ഫലം ചെയ്യും. സൃഷ്ടികളെക്കുറിച്ചുള്ള യഥാർത്ഥ അറിവ് അവയുടെ സ്രഷ്ടാവായ ദൈവത്തെ അറിയാൻ സഹായിക്കുന്നതാണ്. മറുവശത്ത്, മനുഷ്യനെയും പ്രപഞ്ചത്തെയും സംബന്ധിച്ച് വെച്ചുപുലർത്തപ്പെടുന്ന അഗാധമായ തെറ്റിദ്ധാരണകളു അടിസ്ഥാനമില്ലാത്ത സങ്കല്പങ്ങളും ദൈവത്തെ തെറ്റായി മനസ്സിലാക്കുന്നതിലേക്കും നയിക്കുന്നു. വിശേഷിച്ച് മനുഷ്യനോടും മാലാഖമാരോടും പ്രപഞ്ചത്തോടുമുള്ള ദൈവത്തിന്റെ ബന്ധത്തെസംബന്ധിച്ച തെറ്റായ അറിവ്. എന്തുകൊണ്ടെന്നാൽ കാര്യത്തെക്കുറിച്ചും കാരണത്തെക്കുറിച്ചുമുള്ള അറിവുകൾക്ക് പരസ്പരം രൂഢമായ ബന്ധമുണ്ട്.

ഖുർആൻ 6-ാം അദ്ധ്യായം 91-ാം വാക്യത്തിൽ ഇങ്ങനെവായിക്കാം: ''അല്ലാഹു മനുഷ്യന് യാതൊന്നും ഇറക്കിയിട്ടില്ലെന്നു പറഞ്ഞതുമൂലം അല്ലാഹുവിന് വില കല്പിക്കേണ്ടവിധം വില കല്പിക്കാതിരിക്കുകയാണ് അവർ ചെയ്തിരിക്കുന്നത്. എന്നാൽ മാനവരാശിക്ക് വെളിച്ചവും മാർഗ്ഗദർശനവുമായി മൂസ കൊണ്ടുവന്നതും നിങ്ങൾ കടലാസുകളാക്കി ചിലത് വെളിപ്പെടുത്തുകയും പലതും ഒളിപ്പിക്കുകയും ചെയ്തുകൊണ്ടിരിക്കുന്നതുമായ ഗ്രന്ഥമുണ്ടല്ലോ അതാരിറക്കിയതാണ് എന്നു ചോദിക്കുക.''

മക്കക്കാരുമായി ഇടപാടുണ്ടായിരുന്ന ജൂതന്മാർ, ഖുറൈശിവംശത്തിൽ നിന്നൊരു പ്രവാചകൻ എഴുന്നേറ്റിട്ടുണ്ടെന്ന് കേട്ടു. തനിക്ക് ദൈവിക വെളിപാട് ലഭിക്കുന്നുണ്ടെന്നും അക്രമത്തിനും അജ്ഞതയ്ക്കും ദൈവത്തിന് പങ്കാളികളെ കല്പിക്കുന്ന സിദ്ധാന്തത്തിനും എതിരിൽ നിലകൊള്ളാൻ താൻ ബാധ്യസ്ഥനാണെന്നും ആ പ്രവാചകൻ വാദിച്ചിരുന്നു. എല്ലാവർക്കും ദൈവത്തെ അറിയാനും അവന്റെ പ്രീതി കരസ്ഥമാക്കാൻ വേണ്ടി സത്യമാർഗ്ഗം അറിഞ്ഞ് അതിനെ പിന്തുടർന്ന് യത്നിക്കാനും കഴിയുമാറ് ദൈവികസത്യങ്ങളെ ജനങ്ങൾക്ക് പ്രാപ്യമാക്കുകയും അവരെ തെറ്റിൽനിന്ന് പിന്തിരിപ്പിക്കുകയും ചെയ്യുക തന്റെ ദൗത്യമായി അദ്ദേഹം പ്രഖ്യാപിച്ചു. മുഹമ്മദ് ദൈവത്തിന്റെ പ്രവാചകനാണെന്ന സത്യം അംഗീകരിക്കുന്നത് പല കാരണങ്ങളാൽ പ്രസ്തുത ജൂതന്മാർക്ക് അരോചകമായിരുന്നു. അവർ ഇസ്‌ലാമിന്റെ പ്രചാരവും പുരോഗതിയും തടയുവാൻ പല വിധേന യത്നിച്ചു. അറബികളുടെ മനസ്സിൽ സംശയങ്ങൾ ജനിപ്പിക്കുകയായിരുന്നു അവരുടെ ഒരു തന്ത്രം. ദൈവം ഒരു മനുഷ്യന് അവന്റെ സന്ദേശം അയക്കുകയെന്നതും വെളിപാട് നൽകുകയെന്നതും അസംഭവ്യമാണെന്നും ദൈവത്തിന് അങ്ങനെയൊരു പതിവില്ലെനനുമാണവർ പറഞ്ഞുകൊണ്ടിരുന്നത്. മൂസാനബി കൊണ്ടുവന്ന ഗ്രന്ഥം അദ്ദേഹതത്തിനെവിടെനിന്നാണ് കിട്ടിയതെന്നാണ് ഇതിനു പ്രതികരണമായി ഖുർആൻ ചോദിക്കുന്നത്. ഖുർആൻ പോലെത്തന്നെ മനുഷ്യരാശിയുടെ മാർഗ്ഗദർശനത്തിനായി ദൈവം ഒരു മനുഷ്യനെ പ്രവാചകനായി തിരഞ്ഞെടുത്ത് അദ്ദേഹത്തിന് വെളിപാട് നൽകിയതല്ലെ അത്? ദൈവത്തിന്റെ വിശുദ്ധഗ്രന്ഥം വെളിപാടായി കിട്ടിയ ഒരു മനുഷ്യനായിരുന്നില്ലെ മൂസയും? അതിനാൽ ദൈവം മനുഷ്യന് വെളിപാടായി യാതൊന്നും നൽകാറില്ലെന്നും അവന്റെ സന്ദേശം ആർക്കും അയക്കാറില്ലെന്നും പറയുന്നത് അസംബന്ധമാണ്. ജൂതന്മാർ എഴുന്നള്ളിച്ച ഈ അസംബന്ധം വെളിപാടിനെക്കുറിച്ചുള്ളതാണ്. എന്നാൽ ഖുർആൻ അവരുടെ തെറ്റായ ദൈവസങ്കല്പത്തിന്റെ ഫലമായാണ് അതിനെ എണ്ണിയത്.

മനുഷ്യനെ തന്നെക്കുറിച്ചും പ്രപഞ്ചത്തെക്കുറിച്ചും ചിന്തിക്കാൻ പ്രേരിപ്പിക്കുന്ന അനേകം ഖുർആൻ വചനങ്ങളുണ്ട്. ദൈവത്തെക്കുറിച്ച് ശരിയായ അറിവ് ലഭിക്കാൻ വേണ്ടിയാണത്. ഉദാഹരണമിതാ:

''ആകാശഭൂമികളുടെ സൃഷ്ടിയിലും രാപ്പകലുകൾ മാറി മാറി വരുന്നതിലും ബുദ്ധിശാലികൾക്ക് സൂചനകളുണ്ട്. നിന്നും ഇരുന്നും കിടന്നും അവർ അല്ലാഹുവിനെ സ്മരിക്കുന്നു. ആകാശഭൂമികളുടെ സൃഷ്ടിയെക്കുറിച്ച് ചിന്തിക്കുകയും ചെയ്യുന്നു.'' (3:190-191).

പ്രപഞ്ചത്തെയും മനുഷ്യനെയും സംബന്ധിച്ച അറിവും ദൈവജ്ഞാനവും തമ്മിലുള്ള ബന്ധത്തെയാണ് മേൽ വാക്യങ്ങൾ സൂചിപ്പിക്കുന്നതെന്നു വ്യക്തം.

മനുഷ്യൻ സൂര്യനെയും ചന്ദ്രനെയും നക്ഷത്രങ്ങളെയും പർവ്വതങ്ങളെയും കാറ്റിനെയും കണ്ട് ഭയപ്പെടുകയും അവയ്ക്ക് വലിയ ശക്തിയും മഹത്വവുമുള്ളതായി വിശ്വസിക്കുകയും ചെയ്യുമ്പോൾ തന്റെ മഹത്തായ സ്ഥാനം അവൻ മറക്കുകയാണ്. തന്റെ മനസ്സിനെയും ആത്മാവിനെയും ധനികരുടെയും അധികാരികളുടെയും പ്രതാപത്തിനു മുമ്പിൽ കീഴ്പ്പെടുത്തുമ്പോഴും അവരെ ഭയപ്പെടുമ്പോഴും തന്നെ അവർക്ക് അടിമയാക്കുകയാണവൻ ചെയ്യുന്നത്. ഒപ്പം അവരെ ദൈവങ്ങളാക്കുകയും. അവരെ ആരാധിച്ചുകൊണ്ട് അവൻ തന്നത്താൻ തരം താഴ്ത്തുകയാണ്. അതിനാൽ അവനെ ഉണർത്തുകയാണ് ഇസ്‌ലാം ചെയ്യുന്നത്. ഭൂമിയിലേയോ ആകാശത്തിലേയോ ഏതെങ്കിലും വസ്തുവിന് അവനേക്കാൾ ഔന്നത്യമില്ലെന്ന് അതവനെ ബോധ്യപ്പെടുത്തുന്നു. നീ നിന്റെ വില മനസ്സിലാക്കാതെയാണ് യാതൊരു പ്രയോജനവുമില്ലാതെ അവരുടെ കാൽക്കൽ നിന്നെ വീഴ്ത്തുന്നതെന്ന് അതവനോട് പറയുന്നു. അതിനാൽ മനുഷ്യൻ ഉണരണം. തനിക്കു ദൈവം നൽകിയിരിക്കുന്ന യോഗ്യതകളെയും പ്രാപ്തികളെയും സംബന്ധിച്ച് ശരിക്കും ബോധവാനായിരിക്കണം. ദൈവത്തിന്റെ വാക്ക് ശ്രദ്ധിച്ചുകൊണ്ട് അവൻ തന്നെ അളന്നറിയുകയാണെങ്കിൽ താൻ നിസ്സാരനല്ലെന്നും മേൽപറഞ്ഞ ശക്തികൾ താൻ ധരിച്ചുപോലെ മഹത്തരങ്ങളല്ലെന്നും അവൻ ഗ്രഹിക്കും.

## പ്രകൃതിയുടെ മേലുള്ള മനുഷ്യന്റെ അധീശത്വം

പ്രകൃതിയെ കീഴടക്കാനും ഇണക്കിവശപ്പെടുത്താനുമുള്ള മനുഷ്യന്റെ കഴിവിലാണ് അവന്റെ യഥാർത്ഥ മൂല്യം കുടികൊള്ളുന്നത്. ഇസ്‌ലാം ഇക്കാര്യം തുറന്നു പ്രഖ്യാപിക്കുന്നുണ്ട്. ഖുർആൻ 31 -ാം അദ്ധ്യായം 20-ാം സൂക്തത്തിൽ ഇങ്ങനെ വായിക്കാം: ''അല്ലാഹു ആകാശഭൂമികളിലെ എല്ലാ വസ്തുക്കളെയും നിങ്ങൾക്കുപയോഗപ്പെടുത്താൻ അധീനമാക്കിത്തന്നിരിക്കുന്നതും അവന്റെ അനുഗ്രഹങ്ങൾ പ്രത്യക്ഷമായും പരോക്ഷമായും നിങ്ങളിൽ പൂർത്തീകരിച്ചിരിക്കുന്നതും നിങ്ങൾ കാണുന്നില്ലയോ?''

14-ാം അദ്ധ്യായം 32-34ൽ ഇങ്ങനെ കാണാം: ''അല്ലാഹുവാണ് ആകാശഭൂമികൾ സൃഷ്ടിച്ചത്. അവൻ ആകാശത്തുനിന്ന് ജലം വർഷിച്ചു. അതുവഴി നിങ്ങൾക്ക് ആഹാരത്തിനായി ഫലങ്ങൾ ഉത്പ്പാദിപ്പിച്ചുതന്നു. അവന്റെ ആജ്ഞാനുസൃതം കടലിൽ ഓടാൻ കപ്പലുകളെ നിങ്ങൾക്കവൻ സൗകര്യപ്പെടുത്തി. നദികളെയും നിങ്ങൾക്കധീനമാക്കി. സൂര്യചന്ദ്രന്മാരെയും നിങ്ങൾക്കവൻ വിധേയമാക്കി. അവ നിരന്തരം ചലിച്ചുകൊണ്ടിരിക്കുകയാണ്. രാപ്പകലുകളെയും നിങ്ങൾക്കവൻ സൗകര്യപ്പെടുത്തി. വേണ്ടതൊക്കയും അവൻ നിങ്ങൾക്ക് തന്നു. അല്ലാഹുവിന്റെ അനുഗ്രഹങ്ങളെ നിങ്ങൾ എണ്ണിയാൽ കണക്കാക്കാനാവില്ല. മനുഷ്യൻ മഹാ അതിക്രമിയും നന്ദിയില്ലാത്തവനും തന്നെ!''

ഈ വചനങ്ങൾ പ്രപഞ്ചത്തിൽ മനുഷ്യനുള്ള അധീശത്വത്തെയാണ് വ്യക്തമാക്കുന്നത്. പതിനാലു നൂറ്റാണ്ടുകൾക്കുമുമ്പ് മനുഷ്യൻ ചെമ്മരിയാടുകളെയും കന്നുകളെയും ഒട്ടകങ്ങളെയും ആനകളെയും മെരുക്കിയെടുക്കാൻ പഠിക്കുന്നിടത്തോളമേ പുരോഗമിച്ചിരുന്നുള്ളു. അവയുടെ പാലും മാംസവും ഉപയോഗിക്കാനും മുതുകിൽ സവാരിചെയ്യാനും ചരക്ക് കടത്തിക്കൊണ്ടു പോകാനും അവൻ പഠിച്ചു. ഇളകിമറിയുന്ന കടൽതിരമാലകളുടെ മുകളിൽകൂടി ചെറുതും വലുതുമായ യാനപാത്രങ്ങളിൽ സഞ്ചരിക്കുവാനും കച്ചവടച്ചരക്കുമായി അവ മുറിച്ചു കടക്കുവാനും അവൻ ശീലിച്ചു. ക്ഷോഭിച്ചു പ്രവഹിക്കുന്ന നദികളെ അണക്കെട്ടുകൾ കെട്ടി അവൻ തടഞ്ഞുനിർത്തി. അവയിലെ ജലം തോട്ടങ്ങളിലേയ്ക്കും നെൽപാടങ്ങളിലേയ്ക്കും തിരിച്ചുവിട്ടു.

എന്നാൽ ഇവയുടെ മേൽ മനുഷ്യന് തന്റെ അധീശത്വം എപ്പോഴുമുണ്ടോ? നിസ്സാരവസ്തുക്കളുടെ നിയന്ത്രണം പോലും ഒരു കാലത്ത് അവനില്ലായിരുന്നു. പ്രകൃതിയിലെ പല വസ്തുക്കളെയും ഭയപ്പെട്ടതുകാരണം അവയെ നേരിടാനോ സമീപിക്കാനോ പോലും കഴിയാത്ത അവസ്ഥയിലായിരുന്നു അവനന്ന്. കാലക്രമത്തിൽ ഈ ശക്തികൾ ഭയപ്പെടേണ്ടവയല്ലെന്നവൻ മനസ്സിലാക്കി. അങ്ങനെ അവൻ തന്റെ അനാവശ്യമായ ഭയം ഒഴിവാക്കി ചിന്തയും പരിശ്രമവും വഴി തന്നിൽ അന്തർലീനമായ യോഗ്യതകളെ പ്രവർത്തനക്ഷമമാക്കിയതോടുകൂടി പ്രസ്തുത ശക്തികളെ അധീനമാക്കുകയും അവയുടെ യജമാനനായിത്തീരുകയും ചെയ്തു. പ്രകൃതിയുടെ മേലുള്ള തന്റെ സ്വാധീനമേഖല കഴിയുന്നിടത്തോളം വികസിപ്പിക്കാനാണ് ഖുർആൻ മനുഷ്യനെ പ്രേരിപ്പിക്കുന്നത്.

സൂര്യചന്ദ്രന്മാരും നക്ഷത്രങ്ങളുമുൾക്കൊള്ളുന്ന പ്രകൃതി അതിന്റെ മുഴുവൻ പ്രതാപവും വെച്ചുകൊണ്ടുതന്നെ തനിക്ക് കീഴ്പ്പെടാൻ കാത്തു കഴിയുകയാണെന്ന് മനുഷ്യൻ അറിയണം. മനുഷ്യൻ തന്നോട് നീതി പുലർത്തുകയും അജ്ഞാനത്തിലും ദേഹേച്ഛാപരമായ പ്രവർത്തനങ്ങളിലും മുഴുകാതിരിക്കുകയുമാണ് ഇതിന് ഒന്നാമത് വേണ്ടത്. അവൻ തെറ്റായ മാർഗ്ഗത്തിലേയ്ക്ക് വലിയരുത്. ദൈവം വരച്ചുകാട്ടിയ ശരിയായ പാത തന്നെ തിരഞ്ഞെടുക്കണം. സ്രഷ്ടാവിനോട് നന്ദികേട് കാണിക്കാതിരിക്കുകയും വേണം.

എന്നാൽ തന്റെ കഴിവുകളെക്കുറിച്ചും യോഗ്യതകളെക്കുറിച്ചുമുള്ള അറിവും ബോധവും മനുഷ്യനെ അഹന്തയിലേയ്ക്ക് നയിക്കാൻ പാടില്ല. അത് മധ്യമാർഗ്ഗത്തിൽ നിന്നുള്ള മറുപുറം ചാടലാണ്. തനിക്കെന്തെല്ലാം കഴിവുണ്ടെങ്കിലും താൻ പ്രപഞ്ച സാഗരത്തിൽ ഒരു നീർക്കുമിളപോലെയാണെന്ന ബോദ്ധ്യം സദാ അവനുണ്ടായിരിക്കേണ്ടതാണ്. എത്ര വേഗത്തിലാണ് അവന് തന്റെ യൗവ്വനവും പ്രസരിപ്പുമെല്ലാം വിനഷ്ടമാകുന്നത്. തന്റെ കർമ്മകുശലതയും ചിന്താശക്തിയും ഏറെത്താമസിയാതെ അവനിൽനിന്നും ചോർന്നുപോകുന്നു. കലയും ശാസ്ത്രവും മുഖേന കൂടുതൽ അതിജീവനശേഷി ആർജിക്കാനുള്ള യത്നം മനുഷ്യൻ തുടരുന്നുണ്ട്. എങ്കിലും ഒരു കാലം കഴിയുന്നതോട്കൂടി അവനെ രോഗവും ബലഹീനതയും വാർദ്ധക്യവും ഗ്രസിക്കുകയും ലോകത്തിന് അവനെക്കൊണ്ട് പ്രയോജനമില്ലാതായിത്തീരുകയും ചെയ്യുന്നതാണ് കാണുന്നത്. പിന്നെ അയാളെക്കൊണ്ട് സ്വന്തമായി ഒന്നിനും കഴിയാതാകുന്നു. ഈ മാറ്റം എന്തിനെയാണ് സൂചിപ്പിക്കുന്നത്? മനുഷ്യൻ എത്ര ഉയർന്നവനാണെങ്കിലും, ആരും സ്വന്തം ജീവിതത്തിന്റെ ഉടമസ്ഥനോ യാതൊന്നും ശാശ്വതമോ അല്ലാത്ത ലോകത്തിന്റെ ഭാഗമാണവൻ. ഇവിടെ എല്ലാം ദൈവത്തിന്റെ സ്ഫുരണമാണ്. അവൻ മാത്രമാണ് നിത്യൻ. സ്വാശ്രയനായിട്ട്, തനിക്ക് താൻ പോന്നവനായിട്ട് അവൻ മാത്രമാണുള്ളത്. അതിനാൽ മനുഷ്യമനസ്സ് ദൈവത്തെക്കുറിച്ചുള്ള ചിന്ത ഒരിക്കലും കൈവെടിയരുത്. ഏതൊരു വസ്തുവിനും അതിന്റെ നിലനിൽപ്പിന് ദൈവത്തെ ആശ്രയിക്കുകയേ ഗതിയുള്ളൂ. അവനോടുള്ള ബന്ധം രൂഢമൂലമാക്കുകയും അവന്റെ സാമീപ്യത്തിന് യത്നിക്കുകയും ചെയ്യേണ്ടതാണ്.

## ദൈവസാമീപ്യം

എങ്ങനെ നമുക്ക് ദൈവത്തോടടുക്കാം? ദൈവം പരിപൂർണ്ണനാണ്. അവന്റെ അസ്തിത്വത്തിന് അതിരുകളില്ല. മറ്റെല്ലാം വസ്തുക്കളുടെയും നിലനിൽപ്പ് ആപേക്ഷികമാണ്. പരിണാമത്തിന്റെ മാർഗ്ഗത്തിലാണ് പ്രപഞ്ചത്തിലെ എല്ലാ വസ്തുക്കളുമുള്ളത്. അവ അവയുടെ ആന്തരിക വെളിച്ചത്തിലൂടെ

പരിപൂർണ്ണത തേടുകയാണ്. പരിപൂർണ്ണത തേടൽ ദൈവത്തിനു വേണ്ടിയുള്ള അന്വേഷണമാണ്. പരിപൂർണ്ണതയിലേയ്ക്ക് വളരുന്നതിനനുസരിച്ച് കേവലപൂർണനായ ദൈവത്തോടടുക്കും. മനുഷ്യനും പരിപൂർണ്ണത തേടുന്ന ജീവിയാണ്. അവൻ എത്ര കഠിനമായി യത്നിച്ചാലും ശരി, തന്നിലെ ആപേക്ഷികത ഇല്ലാതാക്കാൻ അവനുകഴിയില്ല. പരിപൂർണ്ണതയിലേയ്ക്കുള്ള തന്റെ പ്രയാണം പുരോഗമിപ്പിക്കുവാനും അങ്ങനെ കേവലപൂർണ്ണനായ ദൈവത്തിന്റെ സാമീപ്യം നേടുവാനും അവനു കഴിയും. ഇതാണ് ഇസ്‌ലാം ദൈവസാമീപ്യം കൊണ്ട് അർത്ഥമാക്കുന്നത്. ഏതൊരു ആരാധനാകർമ്മവും ദൈവസാമീപ്യത്തിന്റെ ഉപാധിയായി ഗണിക്കപ്പെടുന്നത് മനുഷ്യനെ അവന്റെ പൂർണ്ണതയിലേയ്ക്കുള്ള മാർഗ്ഗത്തിൽ അത് സഹായിക്കുന്നുവെങ്കിലാണ്. അല്ലെങ്കിൽ അവൻ ആർജ്ജിച്ച വളർച്ചയെ അത് നിലനിർത്തുകയെങ്കിലും ചെയ്യുന്നുവെങ്കിലാണ്.

## പ്രാർത്ഥ

ദൈവം എല്ലാ മനുഷ്യർക്കും എല്ലാ സ്ഥലത്തും എല്ലാ സമയത്തും പ്രാപ്യനാണ്. ആർക്കും അവന്റെ നേരെ തിരിഞ്ഞുനിന്ന് സഹായം തേടാവുന്നതാണ്. ഖുർആൻ 2-ാം അദ്ധ്യായം 186-ാം വചനത്തിൽ പറയുന്നു: ''എന്റെ ദാസർ എന്നെക്കുറിച്ച് ചോദിച്ചാൽ ഞാൻ അടുത്തുതന്നെയുണ്ടെന്ന് പറയുക. പ്രാർത്ഥിക്കുന്നവൻ എന്നോട് പ്രാർത്ഥിക്കുമ്പോൾ ഞാൻ അവന് ഉത്തരം നൽകുന്നു. അതുകൊണ്ട് അവർ എന്റെ ക്ഷണത്തിന് ഉത്തരം തരട്ടെ. എന്നിൽ വിശ്വസിക്കുകയും ചെയ്യട്ടെ. അവർക്ക് സൻമാർഗ്ഗസിദ്ധി പ്രതീക്ഷിക്കാം.''

മനുഷ്യൻ ആത്മാർത്ഥതയോടുകൂടി ദൈവത്തിലേയ്ക്ക് തിരിഞ്ഞുനിൽക്കണമെന്നതാണ് പ്രാർത്ഥനയുടെ അടിസ്ഥാന ഉപാധി. അപ്പോഴാണ് ദൈവത്തിങ്കൽ നിന്ന് ഉത്തരം കിട്ടുക. സമയമോ സ്ഥലമോ അവിടെ പരിഗണനീയമായി ഭവിക്കില്ല. മാദ്ധ്യസ്ഥ്യപ്രശ്നവുമില്ല.

## പാപം, പശ്ചാത്താപം, പാപമോചനം

പാപികൾക്ക് ഏതവസരത്തിലും പാപത്തിൽനിന്നു പിന്തിരിഞ്ഞ് നന്മയുടെ മാർഗ്ഗം സ്വീകരിക്കുകയും ദൈവകാരുണ്യം പ്രതീക്ഷിച്ചുകൊണ്ട് ജീവിതം നയിക്കാൻ തുടങ്ങുകയും ചെയ്യാവുന്നതാണ്. ഇതനുവേണ്ടി മറ്റാരെയും അവർക്കു സമീപിക്കേണ്ടതില്ല. ഖുർആൻ പറയുന്നു: '' പ്രവാചകരേ, സ്വന്തം ആത്മാക്കളോട് അനീതി പ്രവർത്തിച്ച എന്റെ ദാസരോട് പറയുക: നിങ്ങൾ അല്ലാഹുവിന്റെ കാരുണ്യത്തിൽ നിരാശരാവരുത്. നിശ്ചയം അല്ലാഹു പാപങ്ങൾ മുഴുവനായി പൊറുക്കും. അവൻ ധാരാളമായി പൊറുത്തുകൊടുക്കുന്നവനും കരുണാവാരിധിയുമാകുന്നു. നിങ്ങൾ നിങ്ങളുടെ നാഥനിലേയ്ക്ക് മടങ്ങുകയും അവന് കീഴ്പ്പെടുകയും ചെയ്യുവിൻ. നിങ്ങളെ ശിക്ഷ ഗ്രസിക്കുകയും പിന്നെ നിങ്ങൾക്കു സഹായം കിട്ടാതാവുകയും ചെയ്യുന്നതിനുമുമ്പ്'' (39:5354)

## ദൈവവും പ്രപഞ്ചവും

പ്രപഞ്ചവും അതിലെ വസ്തുക്കളുമെല്ലാം ദൈവത്തിന്റെ നിർമ്മിതിയാണ്. പ്രകൃതിനിയമങ്ങൾ എന്നു നാം വിശേഷിപ്പിക്കുന്ന നിയമങ്ങളുൾപ്പെടെ പ്രപഞ്ചത്തെ ഭരിക്കുന്ന എല്ലാ വ്യവസ്ഥകളും ദൈവത്തിന്റെ ക്രമീകരണങ്ങളാണ്. പൊതുവെ പ്രകൃതിയോട് ബന്ധപ്പെടുത്തി വിവരിക്കപ്പെടുന്ന സംഭവങ്ങളെക്കുറിച്ചെല്ലാം ദൈവത്തിന്റെ വേല എന്നാണ് ഖുർആൻ വിശേഷിപ്പിച്ചുകാണാറ്. 14-ാം അദ്ധ്യായം 32-ാം വാക്യത്തിൽ ''ആകാശഭൂമികൾ സൃഷ്ടിച്ചതും ആകാശത്തുനിന്ന് ജലം വർഷിച്ചു അതുവഴി നിങ്ങൾക്കാഹാരമായി പഴങ്ങളുൽപ്പാദിപ്പിച്ചതും തന്റെ ആജ്ഞയനുസരിച്ച് കടലിൽ ഓടുന്നതിന് നിങ്ങൾക്കു കപ്പലുകളെ സൗകര്യപ്പെടുത്തിത്തന്നതും നദികളെ നിങ്ങൾക്കും വിധേയപ്പെടുത്തിയതും അല്ലാഹുവാണ്'' എന്നു പറഞ്ഞിരിക്കുന്നത് ഒരുദാഹരണം.

പ്രകൃതിവ്യവസ്ഥ ദൈവത്തിനു വിരുദ്ധമോ അവന്റെ വിധിക്കു വിപരീതമോ ആയ ഒന്നല്ല എന്നാണ് മേൽ വാക്യങ്ങളും തത്തുല്യമായ വേറെയും അനേകം വാക്യങ്ങളും സൂചിപ്പിക്കുന്നത്. മറിച്ച് ദൈവിക നിയമങ്ങൾക്കു വിധേയമാണ് പ്രകൃതിനിയമങ്ങൾ. ആ നിയമങ്ങൾ അവൻ തന്നെ സൃഷ്ടിച്ചതാണ്. അതിനാൽ ദൈവത്തിലും അവന്റെ അമേയമായ ശക്തിവിശേഷത്തിലുമുള്ള വിശ്വാസം പ്രകൃതിയോടുള്ള വൈമുഖ്യമല്ല. വിശ്വാസം ദൈവത്തെക്കുറിച്ചുള്ള ശാസ്ത്രീയമായ അന്വേഷണത്തിനോ പ്രകൃതിയെ അംഗീകരിക്കുന്നതിനോ വിഘാതമാവുകയില്ല. അതേപോലെ പ്രകൃതിപ്രതിഭാസങ്ങളിലുള്ള താൽപ്പര്യം കൊണ്ട് ഒരാൾക്കും നിരീശ്വരവാദിയാകേണ്ടതുമില്ല. വിശ്വാസിയുടെയും നിഷേധിയുടെയും ശാസ്ത്രവിജ്ഞാനം തമ്മിൽ യാതൊരു വ്യത്യാസവുമില്ല തത്വത്തിലുമില്ല, പ്രയോഗത്തിലുമില്ല. പ്രകൃതിയെ മനസ്സിലാക്കുന്ന വിഷയത്തിലും പ്രകൃതിപ്രതിഭാസങ്ങളെ ഉപയോഗപ്രദമാക്കാനുള്ള പരിശ്രമത്തിലും ഈശ്വരവിശ്വാസിക്കും നിരീശ്വരവാദിക്കും കൈകോർത്ത് നീങ്ങാവുന്നതാണ്. ശാസ്ത്രന്വേഷണത്തിലും സാങ്കേതികവിദ്യയിലും ഏർപ്പെടുന്ന ഈശ്വരവിശ്വാസി പ്രകൃതിയിൽ തന്നെ തളച്ചിടുന്നില്ല എന്നതാണ് അയാളുടെ പ്രത്യേകത. പ്രകൃതി അയാൾക്കൊരു കണ്ണാടിയാണ്. അതിൽ അയാൾ സ്രഷ്ടാവായ ദൈവത്തെ കാണുന്നു. നിരീശ്വരവാദിയായി ശാസ്ത്രജ്ഞൻ തന്റെ ചിന്തയെ പ്രകൃതിയിൽ നിർത്തുന്നു. അതിന്റെ തിരശ്ശീലകൾ ഭേദിച്ച് അപ്പുറം കടക്കാനോ സ്രഷ്ടാവിനെ കണ്ടെത്താനോ തന്മൂലം അയാൾക്ക് കഴിയാതെ വരുന്നു.

## ദിവ്യാത്ഭുതങ്ങൾ

ദിവ്യാത്ഭുതങ്ങളിൽ വിശ്വസിക്കുന്നത് മുസ്ലിം ശാസ്ത്രജ്ഞന്റെ പ്രവർത്തനത്തെ ബാധിക്കില്ല. കാരണം, അവ ചില അത്യാവശ്യഘട്ടങ്ങളിലെ അപൂർവ്വ സംഭവങ്ങളാണ്. അവയ്ക്ക് സവിശേഷ മായ ഒരു വ്യവസ്ഥയുണ്ട്. പ്രകൃതിവ്യവസ്ഥയിൽ അവയുടെ അനുപാതം ബില്യനിൽ ഒന്നിനേ ക്കാൾ കുറവാണ്. ശാസ്ത്രസാങ്കേതിക നിയമങ്ങളെ അത്തരം അപവാദനിയമങ്ങൾ ബാധിക്കയില്ലെ ന്നത് നീതിശാസ്ത്രത്തിൽ അംഗീകരിക്കപ്പെട്ട വസ്തുതയാണ്. അതിനാൽ ദിവ്യാത്ഭുതങ്ങളിലുള്ള വിശ്വാസം പ്രകൃതിയുടെ നിരാകരണമോ മറിച്ചോ ആകേണ്ടതില്ല.

## ദൈവദാസർ

പ്രകൃതിയും അതിലെ അസംഖ്യം സജീവ ഘടകങ്ങളും ദൈവത്തെ സേവിക്കുന്നു. വിസ്മയിപ്പി ക്കുന്ന പ്രകൃതിവ്യവസ്ഥ ദൈവേച്ഛയുടെ നിർഗമമാണ്. പ്രകൃതിപ്രതിഭാസങ്ങൾ, കാരണങ്ങളുടെ ഫലങ്ങൾ, ഭൗതികവും പ്രകൃതിപരവുമായ കാരണപ്രതികരണങ്ങൾ എന്നിവയെല്ലാം ഒരേസമയം ദൈവത്തിന്റെ ഇച്ഛാശക്തി, ജ്ഞാനം എന്നിവയുടെ പ്രതിഭാസങ്ങൾ കൂടിയാണ്. കാരണം, പ്രകൃതി പരമായ കാരണങ്ങൾ ദൈവത്തിന്റെ നിയമങ്ങളാണ്.

## അനന്തമായ പ്രപഞ്ചം

നാം ജീവിക്കുന്ന ലോകം അനന്തമാണെന്ന് ഖുർആൻ വചനങ്ങൾ തുറന്നു പ്രഖ്യാപിക്കുന്നു. ''നിങ്ങൾ ദൈവത്തിന്റെ അനുഗ്രഹങ്ങൾ എണ്ണിയാൽ നിങ്ങൾക്കവ കണക്കാക്കാനാവില്ല'' എന്ന് 16:18ൽവായിക്കാം. ദൈവം തുടർച്ചയായി സൃഷ്ടി നിർവ്വഹിച്ചുകൊണ്ടിരിക്കുകയാണത്രെ. ഖുർആൻ 35:1ൽ ഇപ്രകാരം പറയുന്നു: ''അവൻ തന്റെ ഇച്ഛാനുസരണം സൃഷ്ടി വർദ്ധിപ്പിക്കും. അല്ലാഹു എന്തിനും കഴിയുന്നവനാണ്.''

അപ്പോൾ പ്രപഞ്ചത്തിലെ അപരിമിതമായ വിഭവങ്ങൾ ഉപയോഗപ്പെടുത്താൻ വിചാരിച്ചുകൊ ണ്ടുള്ള മനുഷ്യന്റെ ശാസ്ത്രസാങ്കേതിക പുരോഗതി ഒരിക്കലും നിലച്ചുപോകയില്ല. പ്രവർത്തനത്തി ന്റെയും പുരോഗതിയുടെയും കവാടങ്ങൾ എന്നും തുറന്നുതന്നെ കിടക്കും.

## വിധിയും സ്വതന്ത്ര ഇച്ഛയും

സ്വതന്ത്ര ഇച്ഛ, മുൻവിധി, അനശ്വരത ഇവയെക്കുറിച്ചുള്ള ഇസ്ലാമിന്റെ അധ്യാപനം മനുഷ്യന് ശരിയായി ചിന്തിക്കാനുള്ള പശ്ചാത്തലം പ്രദാനം ചെയ്യുകയും അവന്റെ കർമ്മവാഞ്ഛയെ ശക്തി പ്പെടുത്തുകയും ചെയ്യുന്നതാണ്. ദൈവം തന്നിൽ നിക്ഷേപിച്ചിട്ടുള്ള അപരാമായ ജ്ഞാനശേഷി, തീരുമാനശേഷി, ആന്തരിക സാധ്യതകൾ എന്നിവ അവൻ ഉപയോഗപ്പെടുത്തണം. ജീവിതത്തിൽ സംഭവിക്കാനിടയുള്ള വിഷമങ്ങൾക്കും അനർത്ഥങ്ങൾക്കുമെതിരിൽ തന്നിലുള്ള അതിജീവനത്തി ന്റെയും പ്രതിരോധത്തിന്റെയും ശക്തികളെ അവൻ പോഷിപ്പിക്കുകയും വേണം. പ്രകൃതിപരമായ കെടുതികളെയും സാമൂഹികമായ ദ്രോഹങ്ങളെയും അഭിമുഖീകരിക്കേണ്ടിവരുന്ന ഘട്ടങ്ങളിൽ അലസതയ്ക്കും വിധിവാദത്തിനും അടിപ്പെടുന്നതിനും ജീവിതത്തിന്റെ കൈപ്പുറ്റ യാഥാർത്ഥ്യ ങ്ങളുടെ മുമ്പിൽ മനക്കരുത്തും സ്വന്തമായ നിശ്ചയദാർഢ്യവും കൈക്കൊള്ളാതിരിക്കുന്നതിനും ഇസ്ലാമിന്റെ അധ്യാപനങ്ങൾ എതിരാണ്.

## ഇസ്ലാം, ആധുനിക ശാസ്ത്രം, സാങ്കേതിക വിദ്യ

ഇസ്ലാം ശാസ്ത്ര സാങ്കേതിക പരോഗതിക്ക് എതിരല്ലെന്നുമാത്രമല്ല അതിനെ പ്രോത്സാഹിപ്പിക്കു ന്നുകൂടിയുണ്ടെന്ന് ഇതിനകം വ്യക്തമായി. രണ്ടുപാധികളേ ഈ വിഷയത്തിൽ ഇസ്ലാം വെക്കുന്നു ള്ളൂ. ഒന്ന്, ശാസ്ത്ര സാങ്കേതിക വിദ്യയുടെയും സാമൂഹ്യ പുരോഗതിയുടെയും ഫലം അഹന്തയും സ്രഷ്ടാവിനെ തള്ളിപ്പറയലുമാകരുത്. രണ്ട്, മനുഷ്യന്റെ അവസ്ഥ നന്നാക്കാനായിരിക്കണം ഏതൊരു പരിശ്രമവും പുരോഗതിയും വിനിയോഗിക്കുന്നത്. തിന്മ വ്യാപിപ്പിക്കാനോ ക്രൂരതയു ടെയും അടിച്ചമർത്തലിന്റെയും അടിസ്ഥാനം ഉറപ്പിക്കാനോ ആയിരിക്കരുത്.

## പ്രവാചകത്വം

പ്രകൃതിയെക്കുറിച്ചുള്ള മനുഷ്യന്റെ ചിന്ത ഉയർന്നുയർന്നു പോയിക്കൊണ്ടിരിക്കുകയാണ്. തന്റെ കഴിവുകൾ അനുദിനം വർദ്ധിച്ചതോതിൽ പുരോഗതിപ്പെട്ടുകൊണ്ടിരിക്കുമെന്ന പ്രതീക്ഷ അവന് വെച്ചുപുലർത്താം. ഇക്കാരണത്താൽ ആ മേഖലയിൽ ദൈവത്തിന്റെ പ്രവാചകന്മാർക്ക് പ്രത്യേകമാ യൊന്നും ചെയ്യേണ്ടതായിട്ടില്ല. എന്നാൽ പ്രകൃത്യതീതമായ ലോകവുമായി ബന്ധപ്പെട്ട അനേകം പ്രശ്നങ്ങളുണ്ട്. അതുപോലെത്തന്നെ മനുഷ്യന്റെ ആത്യന്തികലക്ഷ്യം, മരണാനന്തര ജീവിതം എന്നീ വിഷയങ്ങളെക്കുറിച്ചും അവന് അറിയേണ്ട പല കാര്യങ്ങളുണ്ട്. ഇതിനെല്ലാം ദൈവത്തിങ്കൽനിന്ന് മാർഗ്ഗദർശനം ലഭിക്കുകതന്നെ വേണം. ദൈവം ചില മനുഷ്യർക്ക് വെളിപാട് നൽകിക്കൊണ്ടാണ് ഈ രംഗത്ത് മനുഷ്യരാശിയെ സഹായിക്കുന്നതും മാർഗ്ഗദർശനം ചെയ്യുന്നതും. അവർ തങ്ങളുടെ സഹജീവികൾക്ക് മാർഗ്ഗദർശനം നൽകുകയും തങ്ങൾക്ക് ലഭിച്ച വെളിപാട് വിജ്ഞാനം മനുഷ്യരാ ശിയെ പഠിപ്പിക്കുകയും ചെയ്യേണ്ടതാണ്. അങ്ങനെയുള്ള മനുഷ്യരാണ് പ്രവാചകന്മാർ.

പ്രവാചകന്മാർ പഠിപ്പിക്കുന്ന പാഠങ്ങൾ അവരുടെ വ്യക്തിപരമായ അനുഭവങ്ങളുടെയോ ശാസ്ത്രീയമായ അന്വേഷണത്തിന്റെയോ ഫലമല്ല. ദൈവം അവർക്ക് വെളിപ്പെടുത്തുന്ന അറിവുക ളാണ് അവർ പഠിപ്പിക്കുന്നത്. ഖുർആൻ പറയുന്നു: ''അദ്ദേഹം സ്വേഛാനുസൃതം സംസാരിക്കുന്നത

ല്ല, അദ്ദേഹത്തിന് ലഭിക്കുന്ന വെളിപാടാണത്. അതദ്ദേഹത്തിന് പഠിപ്പിച്ചത് പ്രബലമായ കഴിവുകളുടയ ഒരുത്തനാണ്'' (53:3-5).

## പ്രവാചകന്മാരുടെ യഥാർത്ഥ നില

പ്രവാചകന്മാർ മനുഷ്യരാണ്. ഇത് ഖുർആൻ ഇടക്കിടെ ഓർമ്മിപ്പിക്കാറുള്ള സംഗതിയാണ്. എന്നാൽ കഴിവിൽ അവർ മറ്റു മനുഷ്യരിൽനിന്ന് വ്യത്യാസപ്പെട്ടിരിക്കുന്നു. അവർ ദൈവത്തിങ്കൽനിന്ന് വെളിപാടുകൾ ഏറ്റുവാങ്ങുകയും അതനുസരിച്ച് മനുഷ്യരെ നയിക്കുകയും ചെയ്യുന്നവരാണ്. മറ്റു വിഷയങ്ങളിൽ മറ്റു മനുഷ്യരും അവരും തമ്മിൽ സാമ്യമുണ്ട്. മറ്റുള്ളവരെപ്പോലെത്തന്നെ അവരും ജനിക്കുന്നു. തിന്നുകയും കുടിക്കുകയും ഉറങ്ങുകയും സന്താനങ്ങളെ ഉല്പാദിപ്പിക്കുകയും ചെയ്യുന്നു. ഒരു നിശ്ചിത കാലാവധിവരെ ജീവിച്ച് അവരും മരിക്കുന്നു. മുഹമ്മദ് നബി(സ)യോട് തന്റെ നില വ്യക്തമാക്കാൻ പറയുന്ന ഒരു ഖുർആൻ വാക്യം ഇങ്ങനെ വായിക്കാം: ''ഞാൻ നിങ്ങളെപ്പോലെ ഒരു മനുഷ്യൻ തന്നെയാണെന്ന് പറയുക. നിങ്ങളുടെ ദൈവം ഒരേയൊരു ദൈവം മാത്രമാണെന്നും, അതിനാൽ തന്റെ നാഥനെ (ഈശ്വരനെ) കണ്ടുമുട്ടുന്നത് പ്രതീക്ഷിക്കുന്നവർ നല്ല പ്രവർത്തനങ്ങൾ ചെയ്യുകയും (ഈശ്വരാരാധനയിൽ) ആരെയും പങ്കാളിയാക്കാതിരിക്കുകയും ചെയ്യട്ടെയെന്നും എനിക്കു വെളിപാട് ലഭിക്കുന്നുണ്ടെന്നും.'' (18:110).

എല്ലാ ദൈവദൂതന്മാരെക്കുറിച്ചും ഇത് തന്നെയാണ് ഇസ്ലാം പഠിപ്പിക്കുന്നത്. ആദമും നൂഹും ഇബ്രാഹീമും മൂസയും ഈസയും അവരിൽപ്പെടും. പ്രവാചകത്വപദവിയിലേയ്ക്കുയർത്തപ്പെട്ട മനുഷ്യരാണിവരൊക്കെ. ഇതരമനുഷ്യരിൽനിന്ന് അവർ വ്യത്യസ്തരാകുന്നത് ദൈവത്തിങ്കൽനിന്ന് വെളിപാട് സ്വീകരിക്കുന്ന കാര്യത്തിലാണ്.

## പ്രവാചകന്മാർ കാണിക്കുന്ന അത്ഭുതങ്ങൾ

പ്രവാചകന്മാർ കാണിച്ച അത്ഭുതങ്ങളെസംബന്ധിച്ചു ഖുർആൻ പ്രതിപാദിക്കുന്നുണ്ട്. എന്നാൽ അതവർ സ്വമേധയാ കണിക്കുന്നതല്ലെന്നും ഖുർആനിൽ തന്നെ കാണാം. ചോദിക്കുന്നവർക്കെല്ലാം അപ്പപ്പോൾ അത്ഭുതം കാട്ടിക്കൊടുക്കാനുള്ള കഴിവ് അവർക്ക് സ്വന്തമായി വശമുണ്ടായിരുന്നില്ല.

മുഹമ്മദ് നബി(സ)യുടെ എതിരാളികൾ അദ്ദേഹത്തോട് അൽഭുതങ്ങൾ കാണിക്കാൻ നിരന്തരം ആവശ്യപ്പെട്ടുകൊണ്ടിരുന്നു. ദൈവത്തിന്റെ യഥാർത്ഥ പ്രവാചകനാണെങ്കിൽ അസാധാരണ കൃത്യങ്ങൾ ചെയ്യാൻ കഴിഞ്ഞിരിക്കണമെന്നായിരുന്നു അവരുടെ വാദം. അതിന് നിങ്ങളുടെ പാപല്യങ്ങൾക്കനുസരണമായി അത്ഭുതകൃത്യങ്ങൾ ചെയ്യൽ എന്റെ ബാധ്യതയിൽപ്പെട്ടതല്ല എന്ന മറുപടിയാണ് അവിടുന്ന് നൽകിയത്.

പ്രവാചകന്മാരുടെ അത്ഭുതകൃത്യങ്ങളായി നാം കേട്ടിട്ടുള്ള സംഭവങ്ങളെല്ലാം അനിവാര്യഘട്ടങ്ങളിൽ ദൈവം പ്രവർത്തിച്ചിട്ടുള്ളതാണ്; പ്രവാചകന്റെ വ്യക്തിപരമായ കൈവേലയായിരുന്നില്ല അതിനാൽ അത്ഭുതകൃത്യങ്ങൾ കാണിക്കുന്നുവെന്നത് പ്രവാചകനെ മനുഷ്യനല്ലാതാക്കുന്നില്ല. ഖുർആൻ 6:109, 17:90-93 എന്നിവ ഉൾപ്പെടെയുള്ള ഒട്ടേറെ സൂക്തങ്ങളിൽ ഇത് വ്യക്തമാക്കപ്പെട്ടിട്ടുണ്ട്.

## ശാസ്ത്രവും വെളിപാടും

പ്രവാചകന്മാരെക്കുറിച്ച് അറിയുന്നതിനുമുമ്പ് ചിന്ത, പര്യവേക്ഷണം, ശാസ്ത്രം, യുക്തി എന്നിവ മാത്രമായിരുന്നു നമ്മുടെ വിജ്ഞാനസ്രോതസ്സുകൾ. പ്രവാചകന്മാരെക്കുറിച്ച് അറിവ് ലഭിക്കുകയും അവർ പറയുന്നത് ദൈവിക വെളിപാട് പ്രകാരമുള്ള കാര്യങ്ങളാണെന്നുള്ള ഉറപ്പ് കിട്ടുകയും ചെയ്യുന്നതോടെ സത്യം ഗ്രഹിക്കാനുള്ള പുതിയ ഒരു ജ്ഞാനസ്രോതസ്സ് നമ്മുടെ മുമ്പിൽ തുറക്കപ്പെടുകയാണ് ചെയ്യുന്നത്. ദൈവിക വെളിപാടിൽ നിന്ന് ഉത്ഭവിച്ച സത്യമായ ജ്ഞാനമാണത്. മനുഷ്യന് താനും ദൈവവും തമ്മിലുള്ള ബന്ധവും ദൈവത്തിന്റെ പ്രീതി കരസ്ഥമാക്കി ശാശ്വതമായ ആനന്ദം അനുഭവിക്കാനുള്ള മാർഗ്ഗവും പാരത്രികലോകത്തിന്റെ യാഥാർത്ഥ്യവും അറിയാൻ ഇതല്ലാതെ വഴിയില്ല.

## എല്ലാ പ്രവാചകന്മാരെയും അംഗീകരിക്കണം

ഇസ്ലാം മുഹമ്മദ് നബി(സ)യുടെ മാത്രം മതമല്ല. ഖുർആൻ ഇത് വ്യക്തമാക്കിയിട്ടുണ്ട്. എല്ലാ പ്രവാചകന്മാരുടെയും മതം ഇസ്ലാം തന്നെയാണ്. കാരണം, ഇസ്ലാം നിഷ്പക്ഷമായും നിസ്വാർത്ഥമായും ജാഗ്രതയോടുകൂടിയും സത്യത്തിന് കീഴ്പ്പെടലും ദൈവത്തിന്റെ അദ്ധ്യാപനങ്ങൾ അംഗീകരിക്കലും ദൈവത്തെ അറിയലും അവനെ അനുസരിക്കലുമാണ്. ഈയടിസ്ഥാനത്തിൽ ഇസ്ലാം പ്രവാചകന്മാരുടെ മാത്രം മതവുമല്ല, എല്ലാ സത്യാമ്പേഷികളുടെയും മതമാണ്. ഇതുകൊണ്ടാണ് മുസ്ലിംകൾ എല്ലാ പ്രവാചകന്മാരെയും ആദരിക്കുന്നതും അവരിലും അവർ കൊണ്ടുവന്ന വേദങ്ങളിലും വിശ്വസിക്കുന്നതും. ഖുർആൻ പറയുന്നു:

''ദൈവദൂതൻ അദ്ദേഹത്തിന്റെ നാഥനിൽ നിന്ന് അദ്ദേഹത്തിനവതരിച്ചതെന്തോ അതിൽ വിശ്വസിച്ചിരിക്കുന്നു; അദ്ദേഹത്തിൽ വിശ്വസിച്ചവരും. എല്ലാവരും വിശ്വസിച്ചിരിക്കുന്നത് അല്ലാഹുവിലും അവന്റെ മലക്കുകളിലും വേദഗ്രന്ഥങ്ങളിലും ദൂതന്മാരിലുമാണ്. ദൈവദൂതന്മാരിൽ ആർക്കുമിടയിൽ ഞങ്ങൾ വ്യത്യാസം കല്പിക്കുന്നില്ല എന്നതാണ് അവരുടെ നിലപാട്. ഞങ്ങൾ കേൾക്കുകയും

അനുസരിക്കുകയും ചെയ്തുവെന്ന് അവർ പറയുന്നു. ഞങ്ങളുടെ നാഥാ, ഞങ്ങൾക്കു പൊറുത്തുതരേണമേ, മടക്കം നിന്നിലേയ്ക്കാണ് എന്നും'' (2:285).

## വ്യതിയാനം

ദൈവദൂതന്മാരുടെ അധ്യാപനങ്ങൾ കാലക്രമത്തിൽ അശുദ്ധ കരങ്ങളാൽ ദുഷിപ്പിക്കപ്പെടുകയും ധാരാളം അന്ധവിശ്വാസങ്ങൾ അവയിൽ കൂട്ടിക്കലർത്തപ്പെടുകയും ചെയ്യുകയുണ്ടായിട്ടുണ്ട്. യോഗ്യരായ പണ്ഡിതന്മാർ കഠിനമായി പരിശ്രമിച്ചിട്ട് അവർക്കുപോലും യഥാർത്ഥ പ്രവാചകാധ്യാപനങ്ങൾ വേർതിരിച്ചെടുക്കാൻ കഴിയാതിരിക്കുന്നിടത്തോളം ഈ സ്ഥിതി എത്തി. വിവരംകെട്ട സുഹത്തുക്കളും ദുരുദ്ദേശ്യങ്ങളുള്ള ശത്രുക്കളും മതസ്രോതസ്സുകളിലും ദൈവിക ഗ്രന്ഥങ്ങളിലും കൈകടത്തിയതാണിതിനു കാരണം. പുതിയ പ്രവാചകൻ വരികയെന്നതുമാത്രമായിരുന്നു ഇത്തരം സാഹചര്യങ്ങളിൽ ഏക മാർഗ്ഗം. അദ്ദേഹം തനിക്കു കിട്ടുന്ന വെളിപാടിലൂടെ ദൈവികസത്യങ്ങൾ ലോകത്തിന് വീണ്ടും ലഭ്യമാക്കിക്കൊള്ളുമല്ലോ. പല പ്രവാചകന്മാരുടെയും ചരിത്രത്തോടൊപ്പം ഖുർആൻ ഈ വസ്തുതയും വ്യക്തമാക്കിയിട്ടുണ്ട്.

## മുഹമ്മദും (സ) ഖുർആനും

ഏഴാം നൂറ്റാണ്ടിൽ ഇബ്രാഹീമി(അ)ന്റെയോ മൂസ(അ)യുടെയോ ഈസ(അ)യുടെയോ മറ്റേതെങ്കിലും പ്രവാചകന്റെയോ അധ്യാപനങ്ങളിൽ സത്യം തിരയുന്ന ഒരാൾക്ക് അത് ലഭിക്കാൻ കഴിയാത്ത സ്ഥിതിയായിരുന്നു. കാരണം അതിനുള്ള വിശ്വസനീയമായ സ്രോതസ്സ് അന്ന് നഷ്ടപ്പെട്ടുകഴിഞ്ഞിരുന്നു. ബൈബിൾ പഴയ നിയമത്തിനോ സുവിശേഷങ്ങൾക്കോ മറ്റു പ്രവാചകന്മാരുടെ അധ്യാപനങ്ങൾക്കോ അവയുടെ വിശ്വസ്തത തെളിയിക്കുന്ന ചരിത്രമുണ്ടായിരുന്നില്ല. കൈകടത്തലുകൾക്കിരയായത് കാരണം അവയുടെ വിലയിടിഞ്ഞുപോയിരുന്നു. ഈ സാഹചര്യത്തിലായിരുന്നു മുഹമ്മദ്(സ) എഴുന്നേറ്റത്. ദൈവം അവന്റെ വെളിപാടുകൾ ഏറ്റുവാങ്ങി ജനങ്ങൾക്കെത്തിക്കാൻ നിയോഗിച്ചതായിരുന്നു അദ്ദേഹത്തെ.

പ്രവാചകനെന്ന നിലയിൽ മുഹമ്മദ്(സ) ദൈവത്തിങ്കൽ നിന്ന് സ്വീകരിച്ച് പ്രബോധനം ചെയ്ത ഖുർആൻ വചനങ്ങൾക്ക് ആർക്കും അനുകരിക്കാൻ സാധ്യമല്ലാത്തതും വിസ്മയാവഹവും തനിനൂതനവുമായ ഒരു ശൈലിയാണുള്ളത്. ഇത് അനിഷേധ്യമായ ചരിത്രയാഥാർത്ഥ്യമാണ്. ഈ പ്രത്യേകത ഖുർആനെ കൈകടത്തലുകളിൽ നിന്ന് രക്ഷിക്കുന്നു. അതുമാത്രമല്ല, ഖുർആൻ അതിവേഗം പ്രചരിച്ചതും ആർക്കും എവിടെയും കിട്ടും വിധം സുലഭമായതും അതിനെ സംബന്ധിച്ചിടത്തോളം മറ്റൊരു നിലയ്ക്കുള്ള സുരക്ഷയാണ്. മുഹമ്മദി(സ)ന്റെ മരണശേഷം ഇന്നുവരെ ആർക്കും കൈകടത്താൻ കഴിയാത്തവിധം ഖുർആൻ സുരക്ഷിതമായി പ്രചരിച്ചുപോന്നു. പതിനാലു നൂറ്റാണ്ടുകൾക്കു മുമ്പ് അവതരിച്ച അതേവിധത്തിൽ യാതൊരു മാറ്റത്തിരുത്തലും കൂടാതെ അതിന്റെ അസംഖ്യം പതിപ്പുകൾ ഇന്ന് ലോകത്ത് ലഭ്യമാണ്. ഇതുപോലൊരു ആധികാരിക സ്രോതസ്സുണ്ടായിരിക്കുകയെന്നത് ഇസ്ലാമിന്റെ സവിഷേശതയാണ്. മറ്റു മതങ്ങൾക്കൊന്നും ഇതവകാശപ്പെടാനാവില്ല. തെറ്റുകുറ്റങ്ങൾ സംഭവിച്ചിട്ടില്ലാത്തതും ആർക്കും എപ്പോഴും എവിടെവെച്ചു വേണമെങ്കിലും നിഷ്പ്രയാസം മനസ്സിലാക്കാൻ കഴിയുന്നതുമായ ഒരു ആധികാരിക ഗ്രന്ഥം ഏത് മതത്തിനാണ് വേറെയുള്ളത്?

## മരണാനന്തര ജീവിതം

പ്രവാചകന്മാരുടെ അദ്ധ്യാപനങ്ങളിലൊന്നാണ് മനുഷ്യന്റെ അസ്തിത്വം മരണത്തോടുകൂടി ഇല്ലാതാകുന്നില്ലയെന്നത്. മരണത്തോടുകൂടി മനുഷ്യന്റെ അദ്ധ്വാനപരിശ്രമങ്ങളുടെ ഘട്ടം അവസാനിക്കുന്നേയുള്ളു. ഈ ഘട്ടത്തിൽ മനുഷ്യൻ തനിക്ക് വേണ്ടി നേർമാർഗ്ഗം കണ്ടെത്തണം. ശരിയായ പ്രവർത്തനരീതികൈകൊള്ളുകയും വേണം. ശരിയായ മാർഗ്ഗത്തിലാണ് താനുള്ളതെന്ന് ബോദ്ധ്യപ്പെട്ടാൽ അവനതിൽ തുടരാം. തെറ്റായ മാർഗ്ഗത്തിലാണെന്ന് കണ്ടാൽ അത് മാറ്റുകയും ചെയ്യാം. മരണാനന്തരം അനശ്വരമായ ജീവിതത്തിലേയ്ക്കാണ് കടക്കുന്നത്. പിന്നീടൊരു പരിവർത്തനത്തിന് അവസരമില്ല. ഇഹലോകത്തിൽ ഒരാൾ പ്രവർത്തിച്ചതിന്റെ ഫലമായിരിക്കും മരണാനന്തര ജീവിതത്തിൽ അയാൾ അനുഭവിക്കുന്നതെന്തും. ജീവിതത്തെക്കുറിച്ചും മരണത്തെക്കുറിച്ചും മരണാനന്തര ജീവിതത്തെക്കുറിച്ചും ഇസ്ലാം പഠിപ്പിക്കുന്നതിതാണ്. ഖുർആൻ പറയുന്നു: ''അന്ന് മനുഷ്യർ തങ്ങളുടെ കർമ്മങ്ങൾ കാണിക്കപ്പെടേണ്ടതിനായി ചിന്നിച്ചിതറി പുറപ്പെട്ടുവരും. അണുത്തൂക്കം നന്മ ചെയ്തവൻ അപ്പോൾ അത് കാണും. അണുത്തൂക്കം തിന്മ ചെയ്തവൻ അതും കാണും'' (99:6-8).

## സ്വർഗ്ഗവും നരകവും

എന്താണ് സ്വർഗ്ഗം? അനുഗൃഹീതർക്കുള്ള ആനന്ദത്തിന്റെയും ശാന്തിയുടെയും ഗേഹം. സജ്ജനങ്ങൾ തങ്ങളുടെ ജീവിതകാലത്ത് സത്യസന്ധതയും ആത്മാർത്ഥതയും ദൈവത്തെ പ്രീതിപ്പെടുത്തുന്ന പ്രവർത്തനങ്ങളും വഴി തങ്ങൾക്കുവേണ്ടി തയ്യാറാക്കിയതാണ് ആ ഗേഹം.

എന്താണ് നരകം? വേദനയുടെയും ശിക്ഷയുടെയും വസതി. ദുർജനങ്ങൾ ദുഷിച്ച മാർഗ്ഗം സ്വീകരിച്ചുകൊണ്ടും തിന്മയും ജനദ്രോഹപരമായ പ്രവർത്തനങ്ങളും പ്രവർത്തിച്ചുകൊണ്ടും തിന്മയ്ക്കു പ്രചാരം കൊടുത്തുകൊണ്ടും തങ്ങൾക്കായി പണിതുവച്ചതാണാ വസതി.

## ഇസ്ലാമിന്റെ മറ്റു ചില പാഠങ്ങൾ

ഇസ്ലാമിന്റെ മൂലപാഠങ്ങളാണ് മേൽപറഞ്ഞവ. ഇസ്ലാമിന് വിവിധ മേഖലകളിൽ വിശദമായ ഒട്ടേറെ അധ്യാപനങ്ങളുണ്ട്. വ്യക്തിപരം, കുടുംബപരം, സാമൂഹികം എന്നീ വിവിധ മേഖലകളു മായി ബന്ധപ്പെട്ട അദ്ധ്യാപനങ്ങൾ. മനുഷ്യന്റെ ഭൗതികവും ആത്മീയവുമായ ആവശ്യങ്ങൾക്ക് ആ അധ്യാപനങ്ങൾ ഒഴിച്ചു കൂടാത്തതാകുന്നു. എന്നാൽ മേല്പറഞ്ഞ മൂലപാഠങ്ങൾ ഈ അധ്യാപനങ്ങ ളുടെയെല്ലാം അടിസ്ഥാനമായി വർത്തിക്കുന്നു. പ്രാർത്ഥന, വ്രതാനുഷ്ഠാനം, ഹജ്ജ്പര്യാടനം, ദൈവത്തിന്റെ മതത്തിന് പ്രചാരം നൽകുവാനും അവന്റെ ദാസരെ മർദ്ദനത്തിൽ നിന്ന് വിമോചിപ്പി ക്കുവാനും വേണ്ടിയുള്ള പ്രവർത്തനങ്ങളും സമരങ്ങളും, രാജ്യഭരണത്തിന്റെ മേൽനോട്ടം, ശരിയും നീതിയുക്തവുമായ സാമ്പത്തിക-സാമൂഹിക ക്രമം നിലവിൽ വരുത്താൻ വേണ്ടിയുള്ള പരിശ്രമം, മറ്റു മനുഷ്യരോടുള്ള സ്നേഹം, അഗതികളെയും അശരണരെയും അനാഥരെയും സഹായിക്കൽ, സത്യസന്ധത, വിശ്വസ്തത, ജീവിതവിശുദ്ധി, വൃത്തി, ശാരീരികവും ആത്മീയവുമായ ആരോഗ്യം നേടാനും നിലനിർത്താനും വേണ്ടിയുള്ള നിരന്തര പരിശ്രമവും നിതാന്ത ജാഗ്രതയും ഇവയൊക്കെ ഇസ്ലാമിക അധ്യാപനങ്ങളാണ്. ഇവയെക്കുറിച്ചെല്ലാം വിശദമായ പഠനങ്ങൾ ആവശ്യമാണ്.